പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 830

28.9.2011- ൽ മറുപടിക്ക്

**ഓട്ടോറിക്ഷ ചാർജ്**

**ചോദ്യം**

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

എ) യഥാർത്ഥ മീറ്റർ നിരക്കിന്റെ ഇരട്ടിയിലേറെ ചാർജ്ജ് പൊതുജനങ്ങളിൽ നിന്നും ഓട്ടോ റിക്ഷ ഡ്രൈവർമാർ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) പ്രധാന നഗരങ്ങളിൽ പലയിടങ്ങളിലായി പ്രീ പെയ്ഡ് കൗണ്ടറുകൾ സ്ഥാപിക്കണമെന്ന ശുപാർശ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) രാത്രികാലങ്ങളിൽ എത്ര സമയം മുതലാണ് അധികചാർജ്ജ് നൽകേണ്ടി വരികയെന്ന് വെളിപ്പെടുത്താമോ ; ഇതിനായി നൽകേണ്ട ചാർജ്ജിന്റെ നിരക്ക് വെളിപ്പെടുത്താമോ ?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി

എ) ചില ഓട്ടോറിക്ഷാ ഡ്രൈവർമാർ കൂടുതൽ ചാർജ്ജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിച്ച പരാതികൾ പരിശോധിച്ച് നടപടി എടുക്കുന്നതിന് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷൻ അതിർത്തികളിലും കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ പ്രധാന ടൗണുകളിലും രാത്രി 10 മണിയ്ക്കും 5 മണിയ്ക്കും ഇടയിൽ നിലവിലുള്ള ഹയർ ചാർജിന്റെ 50% തുക അധികമായി നൽകേണ്ടതാണ്. മറ്റ് സ്ഥലങ്ങൾ ഒരു ദിശയിലേക്കുള്ള യാത്രയ്ക്ക് മിനിമം ഹയർ ചാർജ്ജ് ഒഴികെയുള്ള തുകയുടെ 50% തുക അധികമായി നൽകേണ്ടതും എന്നാൽ മടക്കയാത്ര കൂടി ചെയ്യേണ്ടി വരുകയാണെങ്കിൽ മീറ്റർ ചാർജ്ജ് മാത്രവും നൽകിയാൽ മതിയാവുന്നതാണ്.

സെക്ഷൻ ഓഫീസർ